I. ഇ.ബി. XV-കേരള നിയമസഭ/XIII-3

## പതിനഞ്ചാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

## നിയമസഭാ നടപടികൾ-സംഗ്രഹം

2025 ജനുവരി 21, ചൊവ്വ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

### I. ചരമോപചാരം

എം. ടി. പത്മ, കെ. മുഹമ്മദുണ്ണി ഹാജി, എം. ടി. വാസുദേവൻ നായർ എന്നിവരുടെ നിര്യാണം

മുൻ മന്ത്രി എം. ടി. പത്മ, മുൻ നിയമസഭാ സാമാജികനായ കെ. മുഹമ്മദുണ്ണി ഹാജി, കഥാകൃത്തായ എം. ടി. വാസുദേവൻ നായർ എന്നിവരുടെ നിര്യാണം സംബന്ധിച്ച് ബഹുമാനപ്പെട്ട സ്പീക്കർ റഫറൻസ് നടത്തുകയും പരേതരോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അല്പസമയം എഴുന്നേറ്റുനിന്ന് മൗനമാചരിക്കുകയും ചെയ്തു.

## II. ചെയർപേഴ്സൺമാരുടെ പാനൽ

സർവശ്രീ സി. കെ. ഹരീന്ദ്രൻ, മുഹമ്മദ് മുഹസിൻ, ടി. ജെ. വിനോദ് എന്നീ അംഗങ്ങളെ പതിനഞ്ചാം കേരള നിയമസഭയുടെ പതിമൂന്നാം സമ്മേളനകാലത്തെ ചെയർപേഴ്സൺമാരുടെ പാനലിലേയ്ക്ക് നാമനിർദേശം ചെയ്തു.

## III. ശ്രദ്ധ ക്ഷണിക്കൽ

(1) സ്ലീപ്പർ കോച്ചുകൾ വെട്ടിച്ചുരുക്കുന്നതുമൂലമുള്ള ബുദ്ധിമുട്ടുകൾ

ശ്രീ. പി. നന്ദകുമാർ: ട്രെയിനുകളിലെ കോച്ചുകൾ വെട്ടിക്കുറയ്ക്കുന്ന നടപടിമൂലം സംസ്ഥാനത്ത് ട്രെയിൻ യാത്ര ദുരിതപൂർണമായിരിക്കുകയാണ്. വടക്കേ മലബാറിൽനിന്നും തിരുവനന്തപുരത്തേയ്ക്ക് വരാൻ ടിക്കറ്റ് ലഭിക്കാത്ത സാഹചര്യമാണുള്ളത്. തിരുവനന്തപുരം റെയിൽവേ സ്റ്റേഷൻ വികസനം നടപ്പിലായിട്ടില്ല. നേമം, കൊച്ചുവേളി ടെർമിനലുകളുടെ നിർമ്മാണ പ്രവർത്തനം മന്ദഗതിയിലായിരിക്കുകയാണ്. ഷൊർണ്ണൂർ - എറണാകുളം പാതയിലെ മൂന്നാമത് ട്രാക്കിന്റെ നിർമ്മാണം ആരംഭിച്ചിട്ടില്ല. കൊച്ചിൻ ഹാർബർ ടെർമിനലും എറണാകുളം മാർഷലിംഗ് യാർഡും ഉപയോഗപ്പെടുത്തി വികസനം സാധ്യമാക്കാനും മെമു ട്രെയിനുകളുടെ എണ്ണം

വർധിപ്പിക്കാനുമാവശ്യമായ ഇടപെടലുണ്ടാകണം. കേരളത്തിന്റെ ആവശ്യങ്ങളോടുള്ള കേന്ദ്ര അവഗണന തുടരുകയാണ്. അധികൃതരുമായി ചർച്ച ചെയ്ത് ട്രെയിൻ യാത്രാക്ലേശം പരിഹരിക്കാനുള്ള നടപടി സ്വീകരിക്കണം.

ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (<u>ശ്രീ. വി. അബ്ദുറഹിമാൻ</u>): സംസ്ഥാനത്തെ ട്രെയിൻ യാത്രാ ദുരിതം സംബന്ധിച്ച് നിരവധി തവണ കേന്ദ്രവുമായി ചർച്ച നടത്തിയിരുന്നു. കേരളം ഉന്നയിച്ച വിഷയങ്ങൾ പരിഹരിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമെന്ന് റെയിൽവേ അധികൃതർ ഉറപ്പ് നൽകുകയും ആദ്യഘട്ടമായി പരശുറാം എക്സ്പ്രസ്സിൽ രണ്ട് കോച്ചുകൾ ഘടിപ്പിക്കുകയും ചെയ്തു. 11 എ.സി. കോച്ചുകൾ ഉൾപ്പെടെ പരമാവധി 22 ബോഗികൾമാത്രമേ ട്രെയിനിൽ ഉൾപ്പെടുത്താവൂവെന്നും അതിൽ വർധനവ് വരുത്താൻ സാധിക്കില്ലെന്നും റെയിൽവേ അധികൃതർ അറിയിച്ചിട്ടുണ്ട്. കേരളത്തിൽ കൂടുതൽ മെമു ട്രെയിനുകൾ സർവീസ് നടത്തണമെങ്കിൽ മൂന്നും നാലും പാതയുടെ നിർമ്മാണം പൂർത്തീകരിക്കേണ്ടതുണ്ട്. കേരളത്തിലെ ട്രെയിൻ യാത്രക്കാർ നേരിടുന്ന ബുദ്ധിമുട്ടുകൾ നിരന്തരം റെയിൽവേ

മന്ത്രാലയത്തിന്റെയും റെയിൽവേ അധികൃതരുടെയും ശ്രദ്ധയിൽപ്പെടുത്തുന്നുണ്ട്. ഉത്സവ സീസണുകളും തിരക്ക് അധികമാകുന്ന അവധി ദിവസങ്ങളും അടിസ്ഥാനപ്പെടുത്തി പ്രത്യേക കലണ്ടർ തയ്യാറാക്കി കേന്ദ്ര സർക്കാരിന് സമർപ്പിച്ചതുപ്രകാരം ചെന്നൈ, ബാംഗ്ലൂർ, മുംബൈ, ഹൈദ്രാബാദ്, ഡൽഹി തുടങ്ങിയ നഗരങ്ങളിൽനിന്നും കേരളത്തിലെ വിവിധ സ്ഥലങ്ങളിലേയ്ക്ക് കൂടുതൽ സ്പെഷ്യൽ ട്രെയിനുകൾ അനുവദിച്ചെങ്കിലും ഉത്സവകാലത്തെ യാത്രാക്ലേശം പരിഹരിക്കുന്നതിന് ഇത് പര്യാപ്തമല്ല. ഈ വിഷയം തുടർന്നും കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്.

### (2) ലഹരി ഉപയോഗത്തിനെതിരായ ബോധവത്കരണം പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തൽ

ശ്രീ. അൻവർ സാദത്ത്: വിദ്യാർത്ഥികളിൽ ലഹരി ഉപയോഗം വർധിച്ചുവരികയാണ്. ലഹരിയുടെ അമിത ഉപയോഗം ക്രിമിനൽ പശ്ചാത്തലത്തിലേയ്ക്ക് വിദ്യാർത്ഥികളെ നയിക്കുന്നു. വിദ്യാർത്ഥികൾ ഉൾപ്പെടുന്ന മയക്കുമരുന്ന്, കൊലപാതക കേസുകളുടെ എണ്ണം വർധിച്ചുവരുന്നു. വിദ്യാഭ്യാസ-എക്സൈസ് വകുപ്പുകൾ മുഖേന സർക്കാർ വിവിധ ലഹരിവിരുദ്ധ ബോധവത്കരണ ക്യാമ്പയിനുകൾ സംഘടിപ്പിക്കുന്നുണ്ടെങ്കിലും അവയൊന്നും വിദ്യാർത്ഥികളിൽ വേണ്ടത്ര

സ്വാധീനം ചെലുത്തുന്നില്ല. ലഹരിക്കെതിരായ അവബോധം പാഠ്യപദ്ധതിയുടെ ഭാഗമാക്കുന്നതിനും പ്രായോഗിക വിദ്യാഭ്യാസം നടപ്പാക്കുന്നതിനും നടപടി സ്വീകരിക്കണം.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): വിദ്യാർത്ഥികൾക്കിടയിലെ ലഹരി വസ്തുക്കളുടെ ദുരുപയോഗവും ആസക്തിയും തടയുന്നതിന് ലക്ഷ്യമിട്ടുകൊണ്ട് വിവിധ പദ്ധതികൾ സർക്കാർ നടപ്പാക്കിവരുന്നു. സ്കൂൾ തലത്തിൽ നടത്തേണ്ട ജാഗ്രതാ പ്രവർത്തനങ്ങൾ, ജനജാഗ്രതാ സമിതികളുടെ പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച് വിശദമായ മാർഗരേഖ എല്ലാ വിദ്യാലയങ്ങൾക്കും നൽകിയിട്ടുണ്ട്. ബോധവത്കരണ ക്യാമ്പയിനുകൾ സംഘടിപ്പിക്കുന്നതോടൊപ്പം വിദ്യാർത്ഥികളെ ബോധവത്കരിക്കുന്നതിന് അധ്യാപകരെ പ്രാപ്തരാക്കുന്നതിന് പരിശീലന പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. ലഹരി വസ്തുക്കൾ സ്കൂൾ ക്യാമ്പസുകളിൽ എത്തുന്നതിനെതിരെ ജാഗ്രത പുലർത്തുന്നതിന് രക്ഷാകർതൃ ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്. ബോധവത്കരണ പരിപാടിയുടെ ഭാഗമായി ഹ്രസ്വചിത്രങ്ങൾ, ചെറുവീഡിയോകൾ, റീലുകൾ എന്നിവ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷണൽ ടെക്നോളജി മുഖേന

തയ്യാറാക്കി എല്ലാ സ്കൂളുകളിലും നൽകിയിട്ടുണ്ട്. ഈ അധ്യയന വർഷം പ്രസിദ്ധീകരിച്ച 7-ാം ക്ലാസിലെ സാമൂഹ്യശാസ്ത്രം, കേരള അറബിക് റീഡർ, അടിസ്ഥാന ശാസ്ത്രം എന്നീ പാഠപുസ്തകങ്ങളിലും 9-ാം ക്ലാസിലെ ജീവശാസ്ത്രം ഒന്നാം ഭാഗത്തിലും ലഹരിക്കെതിരായ അവബോധം എന്ന പാഠ്യഭാഗം ഉൾപ്പെടുത്തുകയും 'ജീവിതമാണ് ലഹരി' എന്ന ലഘുലേഖ വീടുകളിലുൾപ്പെടെ വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അനുമതി ലഭ്യമാക്കിക്കൊണ്ട് വിദ്യാലയങ്ങളിൽ മാസത്തിൽ ഒരു പിരീഡ് ലഹരിവർജ്ജനം, മാലിന്യ നിർമ്മാർജ്ജനം, കുട്ടികൾക്കെതിരായ അതിക്രമം തുടങ്ങി സാമൂഹ്യ പ്രസക്തിയുള്ള വിഷയങ്ങൾ പഠിപ്പിക്കുന്നതിന് മാറ്റിവയ്ക്കുന്നത് സംബന്ധിച്ച് കൂട്ടായി ആലോചിക്കാം. അതിനുപുറമെ ലഹരിയുൾപ്പെടെയുള്ള വിഷയങ്ങൾ സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന് മാസത്തിൽ ഒരു സ്പെഷ്യൽ അസംബ്ലി ചേരുന്നതാണ്. ലഹരി നിർമ്മാർജ്ജനം പോലുള്ള വിഷയങ്ങളിൽ മാതൃകാപരമായ പ്രവർത്തനം കാഴ്ചവയ്ക്കുന്ന വിദ്യാർഥികൾക്ക് മൂല്യനിർണയത്തിന്റെ ഭാഗമായി മാർക്ക് നൽകുമ്പോൾ മുൻഗണന നൽകണമെന്ന നിർദേശം നൽകാവുന്നതാണ്.

## IV. സബ്മിഷൻ

### (1) ചെറുകിട ലോട്ടറി ഏജന്റുമാരോടുള്ള വിവേചനം

ശ്രീ. കെ. ജെ. മാക്സി: ചെറുകിട ലോട്ടറി ഏജന്റുമാരോടുള്ള വിവേചനം അവസാനിപ്പിക്കുന്നതിനും ആവശ്യാനുസരണം ലോട്ടറി ടിക്കറ്റുകൾ ലഭ്യമാക്കുന്നതിനുമാവശ്യമായ നടപടി സ്വീകരിക്കണം.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): ഭാഗ്യക്കുറി ഏജന്റുമാരുടെ അപേക്ഷയുടെ സീനിയോറിറ്റി, ഏജൻസിയുടെ സീനിയോറിറ്റി, ടിക്കറ്റെടുക്കുന്നതിലെ കൃത്യത, ടിക്കറ്റിന്റെ ലഭ്യത എന്നിവ പരിഗണിച്ച് ക്വാട്ടയായി അനുവദിച്ചിട്ടുള്ള ടിക്കറ്റുകൾ ഏജന്റുമാർക്ക് കൃത്യമായി ലഭ്യമാക്കാറുണ്ട്. ഏജന്റുമാരോട് യാതൊരു വിവേചനവുമില്ല. ഭാഗ്യക്കുറി വിപണന മേഖലയിലെ തൊഴിലാളികളെ സംരക്ഷിക്കുന്നതിനും ചെറുകിട ഏജന്റുമാർക്കുള്ള ടിക്കറ്റ് ലഭ്യത ഉറപ്പാക്കുന്നതിനും മുപ്പതിനായിരത്തോളം അധിക തൊഴിൽ സൃഷ്ടിക്കുന്നതിനും ഭാഗ്യക്കുറികളുടെ സീരീസുകളും ടിക്കറ്റുകളുടെ എണ്ണവും വർധിപ്പിക്കുന്നതിനും സമ്മാനഘടന പരിഷ്കരിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(2) പശ്ശുപ്പാറ ഏഴാം നമ്പർ - വാഗമൺ ലിങ്ക് റോഡ് പുനർനിർമ്മാണം

ശ്രീ. വാഴൂർ സോമൻ: പീരുമേട് നിയോജകമണ്ഡലത്തിലെ ഉപ്പുതറ പഞ്ചായത്തിലെ പശ്ശുപ്പാറ ഏഴാം നമ്പർ-വാഗമൺ ലിങ്ക് റോഡ് പുനർനിർമ്മാണ പ്രവൃത്തിയുടെ ഭരണാനുമതി കാലാവധി ദീർഘിപ്പിച്ച് നൽകാൻ നടപടി സ്വീകരിക്കണം.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): ഭരണാനുമതി കാലാവധി അവസാനിച്ച ഉപ്പുതറ പഞ്ചായത്തിലെ പശ്ശുപ്പാറ ഏഴാം നമ്പർ-വാഗമൺ ലിങ്ക് റോഡ് പുനർനിർമ്മാണ പ്രവൃത്തി ഉൾപ്പെടെ കരാറിലേർപ്പെടാത്ത 31 പ്രവൃത്തികൾക്ക് ഭരണാനുമതി ദീർഘിപ്പിച്ച് നൽകുന്നതിന് ഭരണവകുപ്പ് ലഭ്യമാക്കിയ പ്രൊപ്പോസൽ പരിശോധിച്ച് അടിയന്തര നടപടി സ്വീകരിക്കുന്നതാണ്.

(3) വൈപ്പിൻകരയിലെ ജലാശയങ്ങളിലെ എക്കൽ നീക്കം ചെയ്യൽ

ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ: വൈപ്പിൻകരയിലെ ജലാശയങ്ങളിൽ അടിഞ്ഞുകൂടിയിരിക്കുന്ന എക്കൽ നീക്കം ചെയ്യാൻ നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): വൈപ്പിൻ പ്രദേശത്ത് അനുയോജ്യമായ ശാശ്വത തീരസംരക്ഷണ മാർഗങ്ങൾ

അവലംബിക്കുന്നതിന്റെ ഭാഗമായി Bathymetric Survey Report, Topographic Survey Report, Necessity Report എന്നിവ തയ്യാറാക്കി ചെന്നൈ നാഷണൽ സെന്റർ ഫോർ കോസ്റ്റൽ റിസർച്ച് (NCCR)-ന് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ പദ്ധതിയുടെ ശാസ്ത്രീയ പഠനവും ഡിസൈൻ നടപടികളും പുരോഗമിച്ചുവരുന്നുണ്ട്. ജിയോ ബാഗ് ഉപയോഗിച്ച് 615 മീറ്ററോളം തീരം സംരക്ഷിക്കുന്ന പ്രവൃത്തികൾ പൂർത്തീകരിക്കുകയും 8 താൽക്കാലിക സംരക്ഷണ പ്രവൃത്തികൾക്കായി 139.10 ലക്ഷം രൂപയുടെ പ്രൊപ്പോസൽ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. തോടുകളുടെ സംരക്ഷണഭിത്തികൾ ഉയർത്തിയും കായൽ പ്രദേശങ്ങളിൽ അമിതമായി അടിഞ്ഞുകൂടിയ എക്കൽ നീക്കം ചെയ്തും കായൽതീരങ്ങളിൽ ബണ്ട് നിർമ്മിച്ചും വേലിയേറ്റം മൂലമുള്ള വെള്ളപ്പൊക്കം തടയാൻ സാധിക്കുന്നതാണ്. ഓപ്പറേഷൻ വാഹിനിയിലുൾപ്പെടുത്തി ജലാശയങ്ങളിലെ ഡീസിൽറ്റേഷൻ പ്രവൃത്തികൾ നടത്തിവരികയാണ്. നവകേരള സദസ്സ്, തീര സദസ്സ് എന്നിവയിൽ ലഭിച്ച തീരസംരക്ഷണവുമായി ബന്ധപ്പെട്ട പരാതികളുടെ അടിസ്ഥാനത്തിൽ 1684 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്.

(4) ആലിങ്കടവിൽ റഗുലേറ്റർ പദ്ധതിക്ക് ഭരണാനുമതി

ശ്രീ. പി. അബ്ദുൽ ഹമീദ്: ആലിങ്കടവിൽ റഗുലേറ്റർ പദ്ധതിക്ക് 2025-26 സാമ്പത്തികവർഷം മുൻഗണന നൽകി ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): കിഫ്ബിക്ക് അനുവദനീയമായ 600 കോടി രൂപയുടെ പരിധി കടന്നുപോയതുകൊണ്ടാണ് ആലിങ്കടവിൽ റഗുലേറ്റർ പദ്ധതി ഏറ്റെടുക്കാൻ കഴിയാതെ പോയത്. 2025-26 സാമ്പത്തികവർഷം മുൻഗണന നൽകി പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതാണ്.

(5) തിരുവില്വാമല ക്ഷേത്രം ബസ് സ്റ്റാൻഡിൽ കെ.എസ്.ആർ.ടി.സി. സ്റ്റേ സെന്റർ

ശ്രീ. യു. ആർ. പ്രദീപ്: ചേലക്കര നിയോജകമണ്ഡലത്തിലെ തിരുവില്വാമല ശ്രീവില്വാദ്രിനാഥ ക്ഷേത്രത്തിലേയ്ക്കും കുത്താംപുള്ളി നെയ്ത്ത് ഗ്രാമത്തിലേയ്ക്കുമായി കെ.എസ്.ആർ.ടി.സി. ദീർഘദൂര സർവീസും ബസ് സ്റ്റാൻഡിൽ സ്റ്റേ സെന്ററും ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. കെ. ബി. ഗണേഷ് കുമാർ): തിരുവില്വാമല ക്ഷേത്രവും കുത്താംപുള്ളി കൈത്തറിമേഖലയും ഉൾപ്പെട്ട

പ്രദേശത്ത് ബസ്സുകൾ പാർക്ക് ചെയ്യാനോ ജീവനക്കാർക്ക് വിശ്രമിക്കാനോ സൗകര്യമില്ല. തിരുവനന്തപുരത്തുനിന്ന് തിരുവില്വാമല ക്ഷേത്രത്തിലേക്ക് ഒരു സൂപ്പർ ഫാസ്റ്റ് ബസ് സർവീസ് നടത്തുന്നുണ്ട്. ഗുരുവായൂർ, പാലക്കാട്, മണ്ണാർക്കാട്, വടക്കാഞ്ചേരി എന്നീ ഡിപ്പോകളിൽനിന്നും കെ.എസ്.ആർ.ടി.സി. ബസുകൾ അവിടേയ്ക്ക് പോകുന്നുണ്ട്. ബസ് പാർക്ക് ചെയ്യുന്നതിനും ജീവനക്കാർക്ക് സ്റ്റേ ചെയ്യുന്നതിനുമുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുന്ന സ്ഥലങ്ങളിൽ കെ.എസ്.ആർ.ടി.സി. സ്റ്റേ സെന്ററുകൾ ആരംഭിച്ചിട്ടുണ്ട്. ഈ ക്ഷേത്രത്തോടനുബന്ധിച്ച് അത്തരം സൗകര്യം ഒരുക്കിത്തന്നാൽ സ്റ്റേ സെന്ററുകൾ ആരംഭിക്കുന്ന കാര്യം ആലോചിക്കാവുന്നതാണ്. കെ.എസ്.ആർ.ടി.സി. ബജറ്റ് ടൂറിസത്തിന്റെ ഭാഗമായി പ്രസ്തുത സ്ഥലത്തേയ്ക്ക് സർവീസ് നടത്തുന്നതിന് നിർദേശം നൽകുന്നതാണ്.

(6) <u>കോഴിക്കോട്-പാലക്കാട് ഗ്രീൻഫീൽഡ് ഹൈവേയിലേക്ക് നേരിട്ട് പ്രവേശനം</u>

<u>ശ്രീ. എ. പി. അനിൽ കുമാർ</u>: തുവ്വൂർ പഞ്ചായത്തിൽനിന്നും കോഴിക്കോട്-പാലക്കാട് ഗ്രീൻഫീൽഡ് ഹൈവേയിലേക്ക് പ്രവേശനം അനുവദിക്കുന്നതിനും സർവീസ് റോഡുകൾ നിർമ്മിക്കുന്നതിനുമാവശ്യമായ നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്- വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): മലപ്പുറം ജില്ലയിലൂടെ കടന്നുപോകുന്ന ഗ്രീൻഫീൽഡ് ഹൈവേ ഹൈസ്പീഡ് ഗ്രീൻഫീൽഡ് കോറിഡോർ എന്ന നിലയിലാണ് ഡിസൈൻ ചെയ്തിരിക്കുന്നത്. സുരക്ഷ പരിഗണിച്ചാണ് ഇതിലേയ്ക്കുള്ള പ്രവേശനം നിയന്ത്രിച്ചിരിക്കുന്നത്. ഇതിന്റെ DPR-ൽ മാറ്റം വരുത്തുന്ന കാര്യം പരിശോധിച്ചുവരികയാണെന്ന് നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ അറിയിച്ചിട്ടുണ്ട്.

(7) കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ റോഡുകളുടെ പുനരുദ്ധാരണം

ശ്രീ. മോൻസ് ജോസഫ്: കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ റോഡുകൾ പുനരുദ്ധരിക്കുന്നതിനും പൈപ്പിടുന്നതിനുമുള്ള വാട്ടർ അതോറിറ്റിയുടെ പ്രവൃത്തിക്ക് എ.എസ്. നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്- വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): കടുത്തുരുത്തി നിരത്തുവിഭാഗത്തിന്റെ കീഴിൽ വരുന്ന പിറവം - കടുത്തുരുത്തി റോഡിൽ ചെയിനേജ് 10 മുതൽ 14 കിലോമീറ്റർ വരെ ബി.സി. ഓവർലേ പ്രവൃത്തിക്ക് 299 ലക്ഷം രൂപയുടെ ഭരണാനുമതി

നൽകിയിട്ടുണ്ട്. പൈപ്പ് ഇടുന്നതുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ചചെയ്ത് പരിഹരിക്കാവുന്നതാണ്.

(8) മുണ്ടക്കയം -കൂട്ടിക്കൽ-ഏന്തയാർ- വല്യേന്ത-വാഗമൺ റോഡ് പ്രവൃത്തി

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: മുണ്ടക്കയം നാഷണൽ ഹൈവേയിൽനിന്ന് വാഗമണ്ണിലേയ്ക്കുള്ള റോഡ് നിർമ്മാണം എത്രയും പെട്ടെന്ന് പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

(മറുപടി മേശപ്പുറത്തുവച്ചു.)

(9) ഭാരത് റാണി ജങ്ഷനിലും ചേരാനെല്ലൂർ തൈക്കാവ് ഭാഗത്തും അണ്ടർപാസുകൾ

ശ്രീ. ടി. ജെ. വിനോദ്: എൻ.എച്ച്-66-ന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് ഭാരത് റാണി റോഡ് ജംഗ്ഷനിലും ചേരാനെല്ലൂർ തൈക്കാവ് ഭാഗത്തും രണ്ട് അണ്ടർപാസുകൾ നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്- വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): എൻ.എച്ച്. 66-ന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് വെഹിക്കിൾ അണ്ടർപാസുൾപ്പെടെ ചില അണ്ടർപാസുകൾ നിർമ്മിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഇക്കാര്യത്തിൽ പോസിറ്റീവായ നിലപാടുകൾ

സ്വീകരിക്കുന്നതാണ്.

## V. നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം

### കൂത്താട്ടുകുളം നഗരസഭാ കൗൺസിലറെ തട്ടിക്കൊണ്ടുപോയ സംഭവം

മി. സ്പീക്കർ: കൂത്താട്ടുകുളം നഗരസഭയിലെ വനിതാ കൗൺസിലറെ പോലീസ് ഒത്താശയോടെ തട്ടിക്കൊണ്ടുപോയതായി പറയപ്പെടുന്ന സംഭവം ചർച്ച ചെയ്യുന്നതിനായി സഭാനടപടികൾ നിർത്തിവയ്ക്കണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ അനൂപ് ജേക്കബ്, എൽദോസ് പി. കുന്നപ്പിള്ളിൽ, കെ.പി.എ. മജീദ്, മോൻസ് ജോസഫ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): കൂത്താട്ടുകുളം നഗരസഭാ ചെയർപേഴ്സണും വൈസ് ചെയർമാനുമെതിരെ യു.ഡി.എഫ്. നോട്ടീസ് നൽകിയ അവിശ്വാസ പ്രമേയാവതരണഘട്ടത്തിൽ ക്രമസമാധാനം ഉറപ്പാക്കണമെന്ന ഹൈക്കോടതിയുടെ ഇടക്കാല ഉത്തരവിന്റെ അടിസ്ഥാനത്തിൽ പോലീസ് ബന്തവസ് ഏർപ്പെടുത്തിയിരുന്നു. കൗൺസിൽ യോഗത്തിൽ പങ്കെടുക്കാനെത്തിയ എൽ.ഡി.എഫ്.-ലെ വനിതാ കൗൺസിലറെ നഗരസഭ ചെയർപേഴ്സന്റെ കാറിൽ

കയറ്റിക്കൊണ്ടുപോയതായി കൗൺസിലറുടെ മകൻ നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ കൂത്താട്ടുകുളം പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്യുകയും നാല് പേരെ അറസ്റ്റ് ചെയ്ത് നിയമ നടപടി സ്വീകരിച്ചുവരികയുമാണ്. സംഭവവുമായി ബന്ധപ്പെട്ട് നടന്ന പ്രതിഷേധ പ്രകടനങ്ങളുടെ ഭാഗമായി സ്ഥലം എം.എൽ.എ. ഉൾപ്പെടെയുള്ള ഇരുപത്തിയഞ്ചോളം പേർക്കെതിരെ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. ഇതുമായി ബന്ധപ്പെട്ട് സ്ഥലത്ത് സംഘർഷാവസ്ഥയോ ക്രമസമാധാന പ്രശ്നങ്ങളോ നിലവിലില്ല.

<u>ശ്രീ. അനൂപ് ജേക്കബ്</u>: സ്ത്രീസുരക്ഷയുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രി പ്രസ്താവനയിറക്കി രണ്ടാഴ്ച തികയുന്നതിനുമുമ്പാണ് കൂത്താട്ടുകുളം നഗരസഭയിലെ സി.പി.ഐ.(എം).-ന്റെ വനിതാ കൗൺസിലറെ അതേ പാർട്ടിയുടെ നേതാക്കൾതന്നെ ആക്രമിച്ച് തട്ടിക്കൊണ്ടുപോയ സംഭവം ഉണ്ടായിരിക്കുന്നത്. കൂത്താട്ടുകുളം നഗരസഭ ഭരണത്തിനെതിരെയുള്ള അവിശ്വാസ പ്രമേയ നോട്ടീസ് ചർച്ച ചെയ്യുന്ന ദിവസം ക്രമസമാധാനം ഉറപ്പാക്കണമെന്ന ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ കൗൺസിലർമാർക്ക് സുരക്ഷ ഒരുക്കാനെന്ന വ്യാജേന മൂവാറ്റുപുഴ

ഡിവൈ.എസ്.പി.യുടെ നേതൃത്വത്തിൽ നൂറോളം പോലീസുകാർ അവിടെ വന്നുനിൽക്കുന്നുണ്ടായിരുന്നു. വോട്ടെടുപ്പിൽ പങ്കെടുക്കാനെത്തിയ ശ്രീമതി കലാരാജുവിനെ സി.പി.ഐ.(എം.)-ന്റെ ഏരിയ സെക്രട്ടറിയുടെ അറിവോടുകൂടി മുനിസിപ്പാലിറ്റി ചെയർപേഴ്സന്റെ ഔദ്യോഗിക വാഹനത്തിൽ തട്ടിക്കൊണ്ടുപോകുമ്പോൾ വാഹനത്തിന് കടന്നുപോകാനുള്ള സൗകര്യമൊരുക്കുകയാണ് മൂവാറ്റുപുഴ ഡിവൈ.എസ്.പി. ചെയ്തത്. അതേക്കുറിച്ച് അന്വേഷിച്ചപ്പോൾ ഇക്കാര്യത്തിൽ പോലീസിന് പരാതി കിട്ടിയിട്ടില്ലെന്ന മറുപടിയാണ് ലഭിച്ചത്. വനിതാ കൗൺസിലറുടെ മക്കൾ ഡി.ജി.പി.-ക്കും മുഖ്യമന്ത്രിക്കും മെയിൽ അയച്ചശേഷവും നടപടി സ്വീകരിക്കാത്തതിനാൽ ജനങ്ങളുൾപ്പെടെ ഇടപെട്ട് പ്രതിഷേധമുയർത്തിയ സാഹചര്യത്തിൽ അവരെ തിരികെ കൊണ്ടുവരികയും കുത്താട്ടുകുളം ആശുപത്രിയിൽ അഡ്മിറ്റ് ചെയ്യുകയുമുണ്ടായി. ഈ സംഭവവുമായി ബന്ധപ്പെട്ട് എഫ്.ഐ.ആർ. തയ്യാറാക്കി മൂന്ന് ദിവസത്തിനുശേഷവും യഥാർത്ഥ പ്രതികളിൽ ഒരാളെപോലും അറസ്റ്റ് ചെയ്തിട്ടില്ല. സംഭവവുമായി ബന്ധപ്പെട്ടവരുടെ പേര് സഹിതം വെളിപ്പെടുത്തിയിട്ടും ഒരാൾക്കെതിരെയും നടപടിയെടുക്കാൻ പോലീസ് തയ്യാറാട്ടില്ലെന്ന് മാത്രമല്ല, യു.ഡി.എഫ്.

നേതാക്കൾക്കെതിരെ കള്ളക്കേസ് എടുത്തിരിക്കുകയുമാണ്. ഇത്തരം സംഭവങ്ങൾ ആവർത്തിക്കപ്പെടാൻ പാടില്ല. ഇതുമായി ബന്ധപ്പെട്ട് സമഗ്ര ഉന്നതതല അന്വേഷണം നടത്തി യഥാർത്ഥ പ്രതികളെ അറസ്റ്റ് ചെയ്യണം. ഈ വിഷയം ചർച്ച ചെയ്യുന്നതിനായി സഭാ നടപടികൾ നിർത്തിവയ്ക്കണം.

ശ്രീ. പിണറായി വിജയൻ: കൂത്താട്ടുകുളം നഗരസഭയിൽ യു.ഡി.എഫ്. കൊണ്ടുവന്ന അവിശ്വാസ പ്രമേയം ചർച്ച ചെയ്യാനാവശ്യമായ സുരക്ഷ ഒരുക്കണമെന്ന ബഹുമാനപ്പെട്ട ഹൈക്കോടതി നിർദേശം സർക്കാർ പാലിച്ചിട്ടുണ്ട്. കഴിഞ്ഞ അഞ്ചുവർഷമായി എൽ.ഡി.എഫ്-ന്റെ ഭാഗമായി പ്രവർത്തിച്ചിരുന്ന കൗൺസിലറെ പാർട്ടിയിൽനിന്നും മാറ്റിയെടുക്കാനുള്ള നീക്കമാണ് പ്രതിപക്ഷം നടത്തിയത്. പ്രലോഭനങ്ങളുടെ ഭാഗമായി സ്വാധീനിക്കപ്പെട്ട വ്യക്തി നിലവിലുള്ള സ്ഥാനം രാജിവച്ചാണ് മറ്റൊരു പാർട്ടിയിലേയ്ക്ക് പോകേണ്ടത്. കാലുമാറ്റത്തെ പ്രോത്സാഹിപ്പിക്കാനുള്ള ശ്രമം പരാജയപ്പെട്ടുവെന്നത് വസ്തുതയാണ്. നമ്മുടെ സംസ്ഥാനത്ത് ക്രമസമാധാന പ്രശ്നങ്ങളിന്മേൽ ശക്തമായ നിലപാടാണ് പോലീസ് സ്വീകരിച്ചുവരുന്നത്. ജനാധിപത്യത്തിന് നിരക്കാത്ത കാലുമാറ്റത്തെ പ്രോത്സാഹിപ്പിച്ചുവെന്നത് ഗൗരവമായി കാണേണ്ടതാണ്. പ്രതിപക്ഷം ഉന്നയിച്ച ആരോപണങ്ങളിൽ

സ്വാഭാവിക നിയമനടപടികൾ സ്വീകരിക്കുന്നതോടൊപ്പം തെറ്റ് ചെയ്തവർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതുമാണ്. സ്ത്രീകൾക്കെതിരെയുള്ള ആക്രമണത്തെ അതീവ ഗൗരവമായി കണ്ടുകൊണ്ട് ആവശ്യമായ നിയമനടപടി സ്വീകരിക്കുന്നതാണ്. ശ്രീമതി കലാരാജുവിന്റെ പരാതി ഗൗരവമായി പരിഗണിച്ച് തുടർനടപടി സ്വീകരിക്കുന്നതാണ്. ഈ വിഷയം ചർച്ച ചെയ്യുന്നതിനായി സഭാനടപടികൾ നിർത്തിവയ്ക്കേണ്ട ആവശ്യമില്ല.

(നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിന് അവതരണാനുമതി നിഷേധിച്ചു.)

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ വി. ഡി. സതീശൻ, പി. കെ. കുഞ്ഞാലിക്കുട്ടി, പി. ജെ. ജോസഫ് എന്നീ പ്രതിപക്ഷ കക്ഷിനേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

## VI. മേശപ്പുറത്തുവച്ച കടലാസ്സുകൾ

കാര്യവിവരപ്പട്ടികയിലെ രണ്ടാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്തുവച്ചു.

## VII. റിപ്പോർട്ട് സമർപ്പണം

കാര്യോപദേശക സമിതിയുടെ പതിനഞ്ചാമത് റിപ്പോർട്ട് സമർപ്പിച്ചു.

## VIII. റിപ്പോർട്ട് പരിഗണന

കാര്യോപദേശക സമിതിയുടെ പതിനഞ്ചാമത് റിപ്പോർട്ട് സഭ അംഗീകരിച്ചു.

## IX. നിയമസഭാ യോഗങ്ങളിൽ ഹാജരാകാതിരിക്കുവാൻ അനുവാദം

പതിനഞ്ചാം കേരള നിയമസഭയുടെ പതിമൂന്നാം സമ്മേളന കാലയളവിൽ ശ്രീമതി ഉമ തോമസിന് സഭയുടെ എല്ലാ യോഗങ്ങളിലും ഹാജരാകാതിരിക്കുവാൻ അനുവാദം ചോദിച്ചുകൊണ്ടുള്ള അപേക്ഷ ബഹുമാനപ്പെട്ട സ്പീക്കർ വായിക്കുകയും സഭ അനുവാദം നൽകുകയും ചെയ്തു.

## X. ഗവൺമെന്റ് പ്രമേയം (ചട്ടം 118)

യു.ജി.സി. പുതിയ മാനദണ്ഡങ്ങൾ പുറപ്പെടുവിക്കണമെന്നത് സംബന്ധിച്ച്

യു.ജി.സി. 2025 ജനുവരി 6-ന് പുറപ്പെടുവിച്ച കരട് മാനദണ്ഡങ്ങൾ

പിൻവലിച്ച് പുതിയ മാനദണ്ഡങ്ങൾ പുറപ്പെടുവിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്ന പ്രമേയം മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ അവതരിപ്പിക്കുകയും പിന്താങ്ങപ്പെടുകയും ചെയ്തു.

സർവ്വശ്രീ യു. എ. ലത്തീഫ്, എൻ. ഷംസുദ്ദീൻ, ടി. വി. ഇബ്രാഹിം, പി. ഉബൈദുള്ള, ശ്രീ. ടി. സിദ്ദിഖ് എന്നീ അംഗങ്ങൾ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

പ്രമേയം സഭ ഐകകണ്ഠ്യേന പാസ്സാക്കി.

XI. ഗവർണ്ണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തെറിച്ചുള്ള ചർച്ച:

ശ്രീ. ടി. പി. രാമകൃഷ്ണൻ: "2025 ജനവരി 17-ാം തീയതി ബഹുമാനപ്പെട്ട ഗവർണ്ണർ നിയമസഭാംഗങ്ങളോട് ചെയ്ത പ്രസംഗത്തിന് നിയമസഭാംഗങ്ങൾ ബഹുമാനപ്പെട്ട ഗവർണ്ണർക്ക് നന്ദി രേഖപ്പെടുത്തുന്നു" എന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

ശ്രീ. പി. പി. ചിത്തരഞ്ജൻ: ഉപക്ഷേപത്തെ പിന്താങ്ങുന്നു.

ഭേദഗതികൾ അവതരിപ്പിച്ചു.

<u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>: കേന്ദ്ര സർക്കാരിന്റെ തെറ്റായ സാമ്പത്തിക നയങ്ങൾ സംസ്ഥാനത്തിന്റെ വികസന പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടെങ്കിലും സമസ്ത മേഖലകളിലും വികസനം സാധ്യമാക്കുന്ന പ്രവർത്തനങ്ങളുമായാണ് സർക്കാർ മുന്നോട്ടുപോകുന്നത്. ഡിജിറ്റൽ സാങ്കേതികവിദ്യയുടെ പ്രയോജനങ്ങൾ എല്ലാവർക്കും ലഭ്യമാക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തിവരുന്നു. ലൈഫ് മിഷൻ പദ്ധതിയിലൂടെ 538515 കുടുംബങ്ങൾക്ക് സുരക്ഷിത ഭവനം നൽകാനും 62 ലക്ഷം പേർക്ക് സാമൂഹ്യ സുരക്ഷാ പെൻഷൻ ലഭ്യമാക്കാനും കഴിഞ്ഞതിനുപുറമെ 64006 കുടുംബങ്ങളെ അതിദാരിദ്ര്യത്തിൽനിന്ന് മോചിപ്പിക്കാനുള്ള പ്രവർത്തനങ്ങളും ആരംഭിച്ചിട്ടുണ്ട്. കർഷകർക്ക് സ്വന്തമായി ഭൂമി, കുടികിടപ്പവകാശം എന്നിവ ഉറപ്പുവരുത്തുകയെന്ന ലക്ഷ്യത്തോടെ 180887 കുടുംബങ്ങൾക്ക് പട്ടയം നൽകുന്നതിനും പശ്ചാത്തല സൗകര്യ വികസനം വർധിപ്പിക്കുന്നതിനും സർക്കാർ നടപടി സ്വീകരിച്ചു. ഇന്ത്യയിലെ ഏറ്റവും മികച്ച നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കി കേരളത്തെ മാറ്റിയെടുക്കാൻ സാധിച്ചു. പാഠപുസ്തകങ്ങൾ, അധ്യാപകർക്കുള്ള കൈപ്പുസ്തകം, രക്ഷകർത്താക്കൾക്കുള്ള മാർഗനിർദേശങ്ങൾ എന്നിവ പരിഷ്കരിച്ച് സംസ്ഥാനത്തെ മുഴുവൻ

വിദ്യാർഥികൾക്കും ഉന്നത വിദ്യാഭ്യാസം ഉറപ്പുവരുത്തുന്നതിനും സർക്കാർ സേവനങ്ങൾ ഓൺലൈനായി ലഭ്യമാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. കേരളത്തിലെ 82 ശതമാനം കുടുംബങ്ങളേയും മാലിന്യ വിമുക്ത കേരളം പദ്ധതിയിൽ അണിനിരത്താൻ കഴിഞ്ഞതും യുവജനങ്ങൾക്കായി സൗജന്യ തൊഴിൽ പരിശീലനം നൽകാൻ കഴിഞ്ഞതും സർക്കാരിന്റെ എടുത്തുപറയേണ്ട നേട്ടങ്ങളാണ്. പരാതിക്കിടയില്ലാത്ത വിധത്തിൽ ശബരിമല മണ്ഡലകാലം പൂർത്തിയാക്കാനായത് സർക്കാരിന്റെ മികച്ച ഏകോപനം മൂലമാണ്. സമസ്ത മേഖലയിലും രാജ്യത്തിനുതന്നെ മാതൃകയാകുന്ന പ്രവർത്തനങ്ങളുമായാണ് സർക്കാർ മുന്നോട്ടുപോകുന്നത്.

<u>ശ്രീ. എ. സി. മൊയ്തീൻ</u>: നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തെ അനുകൂലിക്കുന്നു. ഉചിതമായ രാഷ്ട്രീയ കാഴ്ചപ്പാടുകളുടെയും നിലപാടുകളുടെയും അടിസ്ഥാനത്തിൽ സംസ്ഥാനത്ത് ബദൽ സാമൂഹ്യ രാഷ്ട്രീയ അന്തരീക്ഷം രൂപപ്പെടുത്തിയെടുക്കാൻ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. ഈസ് ഓഫ് ഡൂയിങ് ബിസിനസിൽ ഒന്നാം സ്ഥാനത്തെത്താനും സാമ്പത്തിക പ്രതിസന്ധികൾക്കിടയിലും തനത് നികുതി വരുമാനം വർധിപ്പിച്ചുകൊണ്ട് സുസ്ഥിര വികസനം, ഭവന നിർമ്മാണം, ആരോഗ്യ പരിരക്ഷ എന്നീ

മേഖലകളിൽ സമഗ്ര മാറ്റങ്ങളുണ്ടാക്കാനും കഴിഞ്ഞത് സർക്കാരിന്റെ പ്രവർത്തന മികവ് വ്യക്തമാക്കുന്ന കാര്യങ്ങളാണ്. കെ-ഫോൺ, ആർദ്രം, ദേശീയപാത വികസനം, വിഴിഞ്ഞം തുറമുഖം, കൊച്ചി-ഇടമൺ പവർ ഹൈവേ തുടങ്ങിയ പദ്ധതികൾ യാഥാർഥ്യമാക്കാൻ കഴിഞ്ഞത് സർക്കാരിന്റെ ഇച്ഛാശക്തി ഒന്നുകൊണ്ട് മാത്രമാണ്. സർക്കാരിന്റെ എല്ലാ പ്രവർത്തനങ്ങളെയും എതിർക്കുകയും വർഗ്ഗീയവാദികളെ പ്രീണിപ്പിക്കുകയും ചെയ്യുന്ന സമീപനം കോൺഗ്രസ് അവസാനിപ്പിക്കണം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തെ എതിർക്കുന്നു. കാരുണ്യ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ മരുന്ന് കമ്പനികൾക്ക് നൽകാനുള്ള കുടിശ്ശിക കൊടുത്തുതീർക്കുന്നതിനും സഹകരണ ബാങ്കുകളിലെ നിക്ഷേപങ്ങൾ തിരികെ നൽകുന്നതിനും നടപടി സ്വീകരിക്കണം. ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ പ്രകടനപത്രികയ്ക്ക് കടകവിരുദ്ധമായി കഞ്ചിക്കോട് ബ്രൂവറി/ഡിസ്റ്റിലറി യൂണിറ്റ് സ്ഥാപിക്കാൻ അനുവാദം നൽകിയ നടപടി പുനഃപരിശോധിക്കണം. അഴിമതിയും ധൂർത്തും കെടുകാര്യസ്ഥതയുമാണ് സംസ്ഥാനത്തെ സാമ്പത്തിക പ്രതിസന്ധിക്ക് കാരണം.

ശ്രീ. ഇ. ചന്ദ്രശേഖരൻ: നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തെ അനുകൂലിക്കുന്നു. സാമ്പത്തിക പ്രതിസന്ധിക്കിടയിലും ആരോഗ്യം, വിദ്യാഭ്യാസം, സാമൂഹിക ക്ഷേമം തുടങ്ങി സമസ്ത മേഖലകളിലും ഒട്ടേറെ നേട്ടങ്ങൾ കൈവരിച്ചതിലൂടെ ലോകത്തിനുതന്നെ മാതൃകയാകാൻ കേരളത്തിന് സാധിച്ചിട്ടുണ്ട്. വയനാട് പുനരധിവാസവുമായി ബന്ധപ്പെട്ട് ടൗൺഷിപ്പ് ഉൾപ്പെടെ സ്ഥാപിച്ചുകൊണ്ട് അതിജീവന പാത കണ്ടെത്താൻ സംസ്ഥാനം നടത്തിയ പ്രവർത്തനങ്ങൾ ശ്ലാഘനീയമാണ്. ഡിജിറ്റൽ റീ-സർവെയിലൂടെ രണ്ട് ഘട്ടങ്ങളിലായി 438 വില്ലേജുകളിൽ സർവെ നടത്തിയതും 217 വില്ലേജുകളിൽ കരട് പ്രസിദ്ധീകരിച്ചതും മൂന്നാംഘട്ട സർവെ നടപടികളാരംഭിച്ചതും അഭിമാനാർഹമാണ്. രജിസ്ട്രേഷൻ, റവന്യൂ, സർവെ വകുപ്പുകളെ സംയോജിപ്പിച്ച് 'എന്റെ ഭൂമി' പോർട്ടൽ നിലവിൽവന്നതോടെ ഭൂമിയുടെ ക്രയവിക്രയം സുതാര്യമാക്കാൻ സാധിച്ചിട്ടുണ്ട്. ദേശീയപാത 66, മലയോര ഹൈവേ, തീരദേശ ഹൈവേ എന്നീ പദ്ധതികളിലൂടെ പൊതുമരാമത്ത് മേഖലയിൽ വമ്പിച്ച കുതിച്ചുചാട്ടമുണ്ടാക്കാൻ സാധിച്ചുവെന്നതും ലെവൽ ക്രോസില്ലാത്ത കേരളം എന്ന ലക്ഷ്യം മുൻനിർത്തി നിർമ്മാണമാരംഭിച്ച 13 മേൽപ്പാലങ്ങളിൽ

രണ്ടെണ്ണം പൂർത്തീകരിക്കാനായതും എടുത്തുപറയത്തക്ക നേട്ടങ്ങളാണ്. കാരവൻ ടൂറിസം, നൈറ്റ് ലൈഫ് ടൂറിസം, ബീച്ച് ടൂറിസം, അഡ്വഞ്ചർ ടൂറിസം, ഡെസ്റ്റിനേഷൻ ചലഞ്ച് തുടങ്ങിയവയിലൂടെ വിനോദസഞ്ചാര മേഖലയെ രാജ്യത്തിന്റെ മുൻനിരയിലെത്തിക്കാൻ സാധിച്ചുവെന്നത് ശ്രദ്ധേയമാണ്. വിദ്യാഭ്യാസ ഗുണനിലവാരം ഉയർത്തുന്നതിനും പൊതുവിദ്യാലയങ്ങളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും വിദ്യാഭ്യാസ ചട്ടക്കൂട്ടും പാഠ്യപദ്ധതിയും കാലോചിതമായി പരിഷ്കരിക്കരിക്കുന്നതിനും സർക്കാർ നടത്തുന്ന ശ്രമങ്ങൾ ശ്ലാഘനീയമാണ്. സുരക്ഷിതമായ കുടിവെള്ളം ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ പദ്ധതികളാവിഷ്കരിച്ച് നടപ്പാക്കുന്നതും ജൽജീവൻ മിഷനിലൂടെ 15 ലക്ഷം കുടുംബങ്ങൾക്ക് വെള്ളമെത്തിക്കുന്നതിനുള്ള ശ്രമവും എടുത്തുപറയേണ്ടതാണ്. ചെറുകിട ജലസേചന പദ്ധതികൾ കാര്യക്ഷമമായി മുന്നോട്ടുകൊണ്ടുപോകുന്നതിനും കാർഷികാഭിവൃദ്ധിക്കായി ജലസേചന പദ്ധതികൾ നടപ്പിലാക്കുന്നതിനും മുൻഗണന നൽകുന്നുവെന്നത് ശ്രദ്ധേയമായ കാര്യമാണ്. വ്യവസായ സൗഹൃദ സൂചികയിൽ ടോപ്പ് അച്ചീവർ സ്ഥാനം നേടാനായതും രാജ്യത്ത് ആദ്യത്തെ ജെൻ എ.ഐ. കോൺക്ലേവിന് കേരളം വേദിയായതും 2025-ൽ

ആഗോള നിക്ഷേപക സംഗമം സംഘടിപ്പിക്കുന്നതും എടുത്തുപറയേണ്ടതാണ്. സംരംഭക വർഷ പദ്ധതിയുടെ ഭാഗമായി 3 ലക്ഷത്തിലേറെ സംരംഭങ്ങൾ ആരംഭിക്കാനും 20,500 കോടിയിലധികം രൂപയുടെ നിക്ഷേപമാകർഷിക്കാനും 7 ലക്ഷത്തോളം തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും സാധിച്ചുവെന്നുള്ളത് വ്യവസായ മേഖലയിലെ മുന്നേറ്റത്തിന്റെ ഉദാഹരണങ്ങളാണ്. ആരോഗ്യ മേഖലയിൽ മെച്ചപ്പെട്ട പ്രവർത്തനങ്ങൾ കാഴ്ചവച്ചുകൊണ്ട് 42 ലക്ഷം കുടുംബങ്ങൾക്ക് കാരുണ്യ ആരോഗ്യ ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പുവരുത്തി രാജ്യത്ത് ഏറ്റവും കൂടുതൽ സൗജന്യ ചികിത്സ നൽകുന്ന സംസ്ഥാനമായി കേരളത്തെ മാറ്റിയെടുക്കാനായത് അഭിമാനാർഹമാണ്. ഭവനരഹിതർക്കും ട്രാൻസ്ജെൻഡർ വിഭാഗക്കാർക്കും പുതിയ റേഷൻ കാർഡുകൾ നൽകുന്നതിന് സംവിധാനമൊരുക്കിയിട്ടുണ്ട്. കെ-സ്റ്റോറുകൾ ആരംഭിച്ച് ഭക്ഷ്യഭദ്രത ഉറപ്പുവരുത്തുകയും എല്ലാവർക്കും റേഷൻ കാർഡ് എന്ന പദ്ധതി വിജയകരമായി നടപ്പാക്കുകയും ചെയ്തത് ശ്രദ്ധേയമാണ്.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തെ

എതിർക്കുന്നു. സാമ്പത്തിക പ്രതിസന്ധിമൂലം പ്രഖ്യാപിച്ച പദ്ധതികൾ പലതും സർക്കാർ വെട്ടിക്കുറയ്ക്കുകയാണ്. വിവിധ ഏജൻസികൾക്കും കരാറുകാർക്കുമായി 30,000 കോടി രൂപയോളം നൽകാനുണ്ട്. ശമ്പളവും പെൻഷനും മുടങ്ങിയെന്ന് മാത്രമല്ല സ്കൂളുകളിൽ ഉച്ചഭക്ഷണം നൽകുന്നതിനോ ആശുപത്രികളിൽ ആവശ്യാനുസരണം മരുന്ന് ലഭ്യമാക്കുന്നതിനോ പൊട്ടിപ്പൊളിഞ്ഞ റോഡുകൾ നന്നാക്കുന്നതിനോ ശ്രമിക്കാതെ വൈദ്യുതി ചാർജ്, വെള്ളക്കരം, കെട്ടിട നികുതി, രജിസ്ട്രേഷൻ ഫീസ്, കോടതി ചെലവുകൾ, പെട്രോൾ സെസ് തുടങ്ങിയവ വർധിപ്പിച്ചുകൊണ്ട് ജനങ്ങളുടെ മേൽ അധിക സാമ്പത്തിക ബാധ്യത അടിച്ചേൽപ്പിക്കുകയാണ് സർക്കാർ ചെയ്യുന്നത്. സംസ്ഥാനത്ത് പൊതുകടം വർധിച്ചുവെന്ന് മാത്രമല്ല ഗവൺമെന്റിന്റെ ധൂർത്തും കെടുകാര്യസ്ഥതയുംമൂലം സംസ്ഥാനം കടക്കെണിയിലായിരിക്കുകയുമാണ്.

<u>ശ്രീ. ജോബ് മൈക്കിൾ</u>: നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തെ അനുകൂലിക്കുന്നു. സാമൂഹ്യക്ഷേമ പെൻഷൻ കുടിശ്ശിക വിതരണം ചെയ്യാനും റബ്ബറിന്റെ വില സ്ഥിരതാഫണ്ട് ഉയർത്താനുമുള്ള തീരുമാനവും 3500 ഗ്രാമീണ റോഡുകളുടെ നവീകരണത്തിന് ഭരണാനുമതി നൽകിയ നടപടിയും

സ്വാഗതാർഹമാണ്. എട്ട് വർഷംകൊണ്ട് ലൈഫ് പദ്ധതിയിലൂടെ 424800 വീടുകൾ നിർമ്മിക്കാനും മൂന്ന് വർഷത്തിനുള്ളിൽ 180887 പട്ടയങ്ങൾ വിതരണം ചെയ്യാനും ദേശീയപാത വികസനം ത്വരിതഗതിയിലാക്കാനും സാധിച്ചിട്ടുണ്ട്. കുട്ടനാട് പാക്കേജ് പ്രകാരം ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിലെ 18 നെൽപാടശേഖരങ്ങളിൽ പ്രവൃത്തി നടന്നുവരികയാണ്. ഡിജിറ്റൽ സർവേ നടപടികൾ പൂർത്തിയാക്കിയ ആദ്യ സംസ്ഥാനം കേരളമാണ്. കേന്ദ്ര സർക്കാരിന്റെ അവഗണനയ്ക്കെതിരെ ശബ്ദമുയർത്താൻ തയ്യാറാകാത്ത പ്രതിപക്ഷ നിലപാട് പ്രതിഷേധാർഹമാണ്.

ശ്രീ. മോൻസ് ജോസഫ്: നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തെ എതിർക്കുന്നു. നയപ്രഖ്യാപന പ്രസംഗത്തിലുടനീളം കേന്ദ്ര ഗവൺമെന്റിന്റെ അവഗണനയ്ക്കെതിരെ മൃദുസമീപനമാണ് സ്വീകരിച്ചിട്ടുള്ളത്. സംഭരണ വില ലഭിക്കാത്തതിനാൽ നെൽകർഷകർ പ്രതിസന്ധിയിലാണ്. റബ്ബർ വിലസ്ഥിരതാ ഫണ്ട് 250 രൂപയാക്കി വർധിപ്പിക്കണം. സാമ്പത്തിക ഞെരുക്കംമൂലം തീറ്റപ്പുൽ മേഖലയിലെ ഗവേഷണം, കുടുംബശ്രീയുമായി ചേർന്നുള്ള കന്നുകാലി കൃഷി എന്നിവയിൽ കുറവ് വരുത്തുകയും വിപണി

ഇടപെടലിനുള്ള കേരള ഫീഡ്സ് വിഹിതം, ക്ഷീര-ഭക്ഷ്യ വകുപ്പുകളുടെ ബജറ്റ് വിഹിതം എന്നിവ വെട്ടിച്ചുരുക്കുകയും ചെയ്തിരിക്കുകയാണ്. സർക്കാരിന്റെ ധനകാര്യ മാനേജ്മെന്റ് പൂർണ്ണ പരാജയമാണ്. വാട്ടർ അതോറിറ്റിയും പൊതുമരാമത്ത് വകുപ്പും തമ്മിലുള്ള തർക്കംമൂലം റോഡുനിർമ്മാണം പ്രതിസന്ധിയിലാണ്. മുനമ്പം ഭൂപ്രശ്നത്തിലുള്ള അനിശ്ചിതാവസ്ഥ പരിഹരിച്ച് അഭിപ്രായ സമന്വയത്തിലൂടെ ജനങ്ങളുടെ ആശങ്കയകറ്റണം.

<u>ശ്രീ. എം. വിജിൻ</u>: നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തെ അനുകൂലിക്കുന്നു. നവകേരള സൃഷ്ടിക്കുതകുന്ന വികസന പ്രവർത്തനങ്ങൾ യാഥാർത്ഥ്യമാക്കിയാണ് ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. ദേശീയപാത വികസനം യാഥാർത്ഥ്യമാക്കാനും ടൂറിസം രംഗത്ത് അഭൂതപൂർവമായ വളർച്ച കൈവരിക്കാനും വ്യവസായ സൗഹൃദ റാങ്കിംഗിൽ ഒന്നാമതെത്താനും ഉന്നത വിദ്യാഭ്യാസ മേഖലയെ മികവിന്റെ കേന്ദ്രമാക്കാനും നീതി ആയോഗിന്റെ ആരോഗ്യ സൂചികയിൽ തുടർച്ചയായ നാലാം വർഷവും ഒന്നാമതാകാനും സാധിച്ചിട്ടുണ്ട്. 2025 നവംബർ 1-ഓടുകൂടി അതിദാരിദ്ര്യം തുടച്ചുനീക്കിയ രാജ്യത്തെ ആദ്യ സംസ്ഥാനമാകാനുള്ള പ്രവർത്തനങ്ങൾ സർക്കാർ

നടത്തിവരികയാണ്. വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ ശബരിമല തീർത്ഥാടനകാലം പരാതിരഹിതമാക്കാൻ സാധിച്ചിട്ടുണ്ട്. ഓരോ പഞ്ചായത്തിലും കളിസ്ഥലം എന്ന ആശയവും ഇന്റർനെറ്റ് ജനങ്ങളുടെ അവകാശമാക്കിയ നടപടിയും സ്വാഗതാർഹമാണ്. പാവപ്പെട്ടവരുടെ കണ്ണീരൊപ്പുന്ന ക്ഷേമപദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഇടതുപക്ഷ ഗവൺമെന്റിന് സാധിച്ചിട്ടുണ്ട്.

ശ്രീമതി കാനത്തിൽ ജമീല: നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തെ അനുകൂലിക്കുന്നു. സംസ്ഥാനത്തിന്റെ വികസനത്തിന് കരുത്തുപകരുന്ന ദീർഘകാല പദ്ധതികളാണ് നയപ്രഖ്യാപനത്തിലുള്ളത്. നീതി ആയോഗിന്റെ ആരോഗ്യ സൂചികയിൽ നാലുവർഷവും തുടർച്ചയായി ഒന്നാം സ്ഥാനം, മികച്ച വാർദ്ധക്യ പരിചരണത്തിനുള്ള നീതി ആയോഗിന്റെ വയോശ്രേഷ്ഠ സമ്മാൻ അവാർഡ്, ഇന്ത്യാ ടുഡേയുടെ വേൾഡ് ഹാപ്പിനെസ് ഇൻഡക്സ് സർവേയിൽ ഒന്നാം സ്ഥാനം, രാജ്യത്തെ തന്നെ ആദ്യ ഡിജിറ്റൽ സർവ്വകലാശാല, ആദ്യ ഡിജിറ്റൽ സയൻസ് പാർക്ക്, ആദ്യ വാട്ടർ മെട്രോ ഇവയെല്ലാം സംസ്ഥാനത്തിന് അഭിമാനിക്കാവുന്ന നേട്ടങ്ങളാണ്. 2025 നവംബർ 1 -ഓടുകൂടി കേരളം "അതിദരിദ്രരില്ലാത്ത സംസ്ഥാനം" ആയി

മാറാൻ പോകുകയാണ്. 64 ലക്ഷം ഗുണഭോക്താക്കൾക്ക് പ്രതിമാസം 1600 രൂപ സാമൂഹ്യസുരക്ഷാ പെൻഷനും ഭവനരഹിതരായ 4.24 ലക്ഷം കുടുംബങ്ങൾക്ക് ലൈഫ് പദ്ധതിയിലൂടെ വീടും 6.8 ലക്ഷം പേർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ചികിത്സാ ധനസഹായവും അനുവദിച്ചതടക്കമുള്ള മാതൃകാപരമായ പ്രവർത്തനങ്ങളാണ് സംസ്ഥാനത്ത് നടക്കുന്നത്. ദേശീയപാതയുടെ സ്ഥലമേറ്റെടുപ്പിനായി 5550 കോടി രൂപ ചെലവഴിച്ചതും വിദൂര ആദിവാസി ഊരുകളിൽ വൈദ്യുതീകരണമേർപ്പെടുത്തിയതും ആരോഗ്യ-വിദ്യാഭ്യാസ അടിസ്ഥാനസൗകര്യ വികസന മേഖലകളിലടക്കം കിഫ്ബി വഴി നിരവധി പ്രവൃത്തികൾ നടത്താൻ കഴിഞ്ഞതും കേരളത്തിന് അഭിമാനിക്കാൻ കഴിയുന്നതാണ്.

<u>ശ്രീ. കെ. യു. ജനീഷ് കുമാർ</u>: നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തെ അനുകൂലിക്കുന്നു. കേന്ദ്ര സർക്കാർ കേരളത്തെ സാമ്പത്തികമായി ഞെരുക്കുമ്പോഴും സാമൂഹ്യക്ഷേമ പെൻഷൻ അനുവദിച്ച സർക്കാരിന്റെ നടപടി അഭിനന്ദനാർഹമാണ്. പട്ടയവിതരണം കാര്യക്ഷമമായി നടത്താൻ സാധിച്ചത് സർക്കാരിന്റെ നേട്ടമാണ്.

ശ്രീ. ടി. സിദ്ദിഖ്: നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തെ എതിർക്കുന്നു. പാലക്കാട്-കഞ്ചിക്കോട് ബ്രൂവറി/ഡിസ്റ്റിലറി യൂണിറ്റ് ആരംഭിക്കാനുള്ള തീരുമാനം പ്രതിഷേധാർഹമാണ്. വയനാട് ദുരന്തവുമായി ബന്ധപ്പെട്ട് ഫണ്ട് അനുവദിക്കാത്ത കേന്ദ്ര സർക്കാരിനെതിരെ നയപ്രഖ്യാപന പ്രസംഗത്തിൽ പരാമർശിക്കാത്തത് അപലപനീയമാണ്.

ഡോ. കെ. ടി. ജലീൽ: നന്ദിരേഖപ്പെടുത്തുന്ന ഉപക്ഷേപത്തെ പിന്താങ്ങുന്നു. കേരളത്തിന്റെ സമഗ്ര പുരോഗതിക്ക് വിലപ്പെട്ട സംഭാവനകളാണ് ഒന്നും രണ്ടും പിണറായി സർക്കാരുകൾ നൽകിയിട്ടുള്ളത്. ദേശീയപാതയ്ക്കായി 2000 കി.മീ. സ്ഥലം ഏറ്റെടുത്ത് പ്രവൃത്തി പൂർത്തിയായിക്കൊണ്ടിരിക്കുന്നത് അഭിമാനാർഹമാണ്. ഗെയിൽ വാതക പൈപ്പ്ലൈൻ, കൊച്ചി-ഇടമൺ പവർ ഹൈവേ, വിഴിഞ്ഞം തുറമുഖം എന്നിവ യാഥാർഥ്യമാക്കിയതും ശ്രദ്ധേയമാണ്.

ശ്രീ. അഹമ്മദ് ദേവർകോവിൽ: നന്ദിരേഖപ്പെടുത്തുന്ന ഉപക്ഷേപത്തെ പിന്താങ്ങുന്നു. ഭാവികേരളത്തിന്റെ ദിശാസൂചികയാണ് ഈ നയപ്രഖ്യാപന പ്രസംഗം. കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക അവഗണനയെ അതിജീവിച്ച് തനത് വരുമാനം ക്രമാനുഗതമായി വർധിപ്പിക്കാൻ സംസ്ഥാനത്തിന്

സാധിച്ചിട്ടുണ്ട്. ലൈഫ് ഭവന പദ്ധതി, പട്ടയ വിതരണം എന്നിവ സർക്കാരിന്റെ ചരിത്രനേട്ടങ്ങളാണ്. 2025-ഓടെ കേരളത്തെ അതിദരിദ്രരില്ലാത്ത സംസ്ഥാനമാക്കി മാറ്റാനുള്ള പരിശ്രമമാണ് സർക്കാർ നടത്തുന്നത്. പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങളെ ലോകോത്തര നിലവാരത്തിലേയ്ക്ക് ഉയർത്താൻ സാധിച്ചതിനോടൊപ്പം ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളെ മികവിന്റെ കേന്ദ്രമാക്കാനുള്ള പ്രവർത്തനങ്ങളും നടന്നുവരികയാണ്. കരിക്കുലം നവീകരിച്ചും പുതിയ കോഴ്സുകൾ ആരംഭിച്ചും പശ്ചാത്തല സൗകര്യങ്ങൾ വികസിപ്പിച്ചും 'സ്റ്റഡി ഇൻ കേരള' എന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. സർക്കാരിന്റെ കാര്യക്ഷമമായ ഇടപെടലിന്റെ ഫലമായി 2034-ഓടെ വിഴിഞ്ഞം തുറമുഖത്തുനിന്ന് വരുമാനം ലഭിക്കുന്നതരത്തിൽ പുന:ക്രമീകരിക്കാൻ സാധിച്ചത് അഭിമാനാർഹമാണ്. കേരളത്തെ വിനോദസഞ്ചാരികളുടെ ഇഷ്ടഭൂമിയായി മാറ്റാൻ സാധിച്ചത് സർക്കാരിന്റെ പ്രവർത്തനമികവുകൊണ്ടാണ്. ദുരന്തഭൂമികളിലെ സഹായ വിതരണത്തിൽപ്പോലും സങ്കുചിത രാഷ്ട്രീയവും പക്ഷപാതവും കാണിക്കുന്ന കേന്ദ്ര നിലപാട് അപലപനീയമാണ്.

<u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>: നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നു. സർക്കാർ നടത്തുന്ന വികസന പ്രവർത്തനങ്ങൾക്കെതിരെ പ്രതിപക്ഷം ഉയർത്തുന്ന വാദങ്ങൾ നിലനിൽക്കുന്നതല്ല. സമസ്ത മേഖലകളിലും കേരളത്തിന് നാളിതുവരെ കൈവരിക്കാൻ കഴിഞ്ഞ പുരോഗതി കൂടുതൽ കരുത്തോടുകൂടി ഭാവിയിലും കൈവരിക്കാൻ സാധിക്കുന്നതിന് കൂടുതൽ ശക്തി പകരുന്ന നിർദേശങ്ങളാണ് നയപ്രഖ്യാപന പ്രസംഗത്തിലുള്ളത്.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തെ എതിർക്കുന്നു. അടിസ്ഥാന സൗകര്യം, ആരോഗ്യം, പൊതുവിതരണ സമ്പ്രദായം തുടങ്ങിയ മേഖലകളിൽ സർക്കാർ മതിയായ സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ടെന്ന് നയപ്രഖ്യാപന പ്രസംഗത്തിൽ സൂചിപ്പിച്ചിരിക്കുന്നത് തീർത്തും അടിസ്ഥാനരഹിതമാണ്. പൊതുമരാമത്ത് പ്രവൃത്തികളുടെ ഏകോപനത്തിനും സമയബന്ധിതമായ അവലോകനത്തിനുമായി രൂപീകരിച്ചിട്ടുള്ള കോൺസ്റ്റിറ്റ്യുവൻസി മോണിറ്ററിംഗ് ടീം (CMT) കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല. സ്കൂളുകൾക്ക് ഉച്ചഭക്ഷണത്തിനുള്ള ഫണ്ട് നൽകാത്തത് ഖേദകരമാണ്. ഹൈസ്കൂളുകളിലെ ഇംഗ്ലീഷ് അധ്യാപകരുമായി ബന്ധപ്പെട്ട വിഷയത്തിൽ കോടതിയിൽ നിലനിൽക്കുന്ന കേസ്

തീർപ്പാക്കാൻ അടിയന്തര നടപടി സ്വീകരിക്കണം. ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ ഗ്രാമീണ റോഡുകൾക്ക് ഫണ്ട് അനുവദിക്കുന്നതിന് നടപടിയുണ്ടാകണം.

<u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ</u>: നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തെ അനുകൂലിക്കുന്നു. സർക്കാരിന്റെ ഉൾക്കാഴ്ചയും ജനങ്ങളോടുള്ള പ്രതിബദ്ധതയും പ്രകടിപ്പിക്കുന്ന നയപ്രഖ്യാപനമാണ് അവതരിപ്പിച്ചിട്ടുള്ളത്. ജനങ്ങൾക്ക് നൽകിയ വാഗ്ദാനങ്ങൾ നടപ്പിലാക്കുന്ന പ്രക്രിയ അനസ്യൂതം തുടർന്നുകൊണ്ടിരിക്കുകയാണ്. ഐ.ടി. മേഖലയുടെ വികസനം ശ്രദ്ധേയമാണ്. രേഖകൾ പൂർണ്ണമായും ഡിജിറ്റൈസ് ചെയ്യുകയും ഭരണ സംവിധാനം പൂർണ്ണമായും ഇ-ഓഫീസ് സംവിധാനത്തിലേയ്ക്ക് മാറുകയും ചെയ്തതോടെ സംസ്ഥാനത്ത് വലിയ രീതിയിലുള്ള പുരോഗതി കൈവരിക്കാൻ സാധിച്ചു. റവന്യൂ വകുപ്പ് ഓൺലൈൻ സംവിധാനത്തിലൂടെ പത്ത് കോടി സാക്ഷ്യപത്രങ്ങൾ വിതരണം ചെയ്തിട്ടുള്ളത് ശ്ലാഘനീയമാണ്. വിദ്യാഭ്യാസം, ആരോഗ്യം, പൊതുവിതരണം, അടിസ്ഥാന സൗകര്യ വികസനം എന്നീ മേഖലകളിൽ മാതൃകാപരമായ പ്രവർത്തനങ്ങളാണ് നടക്കുന്നത്. സംസ്ഥാനത്തെ 58 പൊതുമേഖലാ സ്ഥാപനങ്ങൾ

ലാഭത്തിലാക്കാനും ടോപ് അച്ചീവേഴ്സ് അവാർഡ് നേടി വ്യവസായ വകുപ്പിന് അഭിമാനകരമായ നേട്ടം കൈവരിക്കാനും സാധിച്ചു. ഭൂരഹിതരില്ലാത്ത സംസ്ഥാനമാക്കി കേരളത്തെ മാറ്റാനുള്ള ശ്രമം ശ്ലാഘനീയമാണ്. പ്രവാസികൾക്കുവേണ്ടി റവന്യൂ വകുപ്പ് പ്രത്യേക പോർട്ടൽ വികസിപ്പിച്ചതുൾപ്പെടെ നിരവധി പദ്ധതികൾ നടപ്പിലാക്കി. പശ്ചാത്തല സൗകര്യങ്ങളുണ്ടായിട്ടും സംസ്ഥാനത്തിന് പ്രത്യേക റെയിൽവേ സോൺ, എയിംസ് തുടങ്ങിയ സംരംഭങ്ങൾ ആരംഭിക്കാനോ കണ്ണൂർ വിമാനത്താവളത്തിന്റെ വികസനത്തിന് അനിവാര്യമായ പോയിന്റ് ഓഫ് കോൾ പദവി നൽകാനോ കേന്ദ്രം തയ്യാറാകാത്തത് പ്രതിഷേധാർഹമാണ്. കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ധനകാര്യകമ്മിഷൻ ഗ്രാന്റിൽ 18000 കോടി രൂപയുടെ കുറവ് വരുത്തിയതിനെതിരെ ഒരുമിച്ചുനിന്ന് പോരാടണം. വയനാട് ദുരന്തവുമായി ബന്ധപ്പെട്ട് കേരള ജനതയെ അപമാനിക്കുന്ന സമീപനമാണ് കേന്ദ്ര സർക്കാർ സ്വീകരിച്ചത്. ഭരണ-പ്രതിപക്ഷ വിവേചനമില്ലാതെ വികസന പ്രവർത്തനങ്ങൾ നടപ്പാക്കി മുന്നോട്ടുപോകാൻ സർക്കാരിന് സാധിച്ചിട്ടുണ്ടെന്നുള്ളത് പ്രശംസനീയമാണ്.

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തെ

എതിർക്കുന്നു. പരമ്പരാഗത വ്യവസായ മേഖലയിലെ തൊഴിലാളികൾ നേരിടുന്ന പ്രതിസന്ധിക്ക് പരിഹാരം കാണണം. സ്വകാര്യ കശുവണ്ടി ഫാക്ടറികൾ തുറന്നു പ്രവർത്തിപ്പിക്കുന്നതിനും തൊഴിലാളികളെ ജപ്തി നടപടികളിൽനിന്ന് ഒഴിവാക്കുന്നതിനും നടപടി സ്വീകരിക്കണം. പ്രതിപക്ഷ എം.എൽ.എ.-മാർ പ്രതിനിധീകരിക്കുന്ന നിയോജകമണ്ഡലത്തിലെ വികസന പ്രവർത്തനങ്ങൾക്കായി തുക അനുവദിക്കുന്നതിൽ സർക്കാർ വിവേചനം കാണിക്കുകയാണ്. ദേശീയപാത വികസനം, വിഴിഞ്ഞം തുറമുഖ പദ്ധതി തുടങ്ങിയവ യാഥാർഥ്യമാക്കിയതിനുപിന്നിൽ യു.ഡി.എഫ്. സർക്കാരിന്റെ നിശ്ചയദാർഢ്യമാണുള്ളത്.

<u>ശ്രീ. ഡി. കെ. മുരളി</u>: നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തെ പിന്താങ്ങുന്നു. സംസ്ഥാനത്തിന്റെ വികസന കുതിപ്പിന് ദിശാബോധം നൽകുന്നതായിരുന്നു ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗം. സമാനതകളില്ലാത്ത പ്രതിസന്ധികളെ അതിജീവിക്കാൻ കഴിഞ്ഞത് ഇടതുപക്ഷ സർക്കാരിന് വ്യക്തമായ കാഴ്ചപ്പാടുള്ളതുകൊണ്ടാണ്. പട്ടയ വിതരണത്തിലും മാതൃകാപരമായ പ്രവർത്തനമാണ് എൽ.ഡി.എഫ് സർക്കാർ നടത്തിക്കൊണ്ടിരിക്കുന്നത്. ഭൂരിഭാഗം പി.ഡബ്ല്യൂ.ഡി. റോഡുകളും

BM&BC നിലവാരത്തിലേയ്ക്കുയർത്തിയ നടപടി ശ്ലാഘനീയമാണ്. ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണ പ്രവൃത്തികളും പുരോഗമിച്ചുവരികയാണ്. ജനങ്ങൾ കാഴ്ചക്കാരല്ല, കാവൽക്കാരാണ് എന്ന പുതിയൊരു ആശയത്തിന് രൂപം നൽകി ജനങ്ങളിൽനിന്നുള്ള പരാതികൾക്ക് സമയബന്ധിതമായി പരിഹാരം കാണാൻ സാധിച്ചിട്ടുണ്ട്. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിലൂടെ പൊതുവിദ്യാഭ്യാസ രംഗത്തെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുകയും എ.ഐ. സാങ്കേതികവിദ്യ പുതിയ തലമുറയ്ക്ക് അനുഭവവേദ്യമാകുകയും ചെയ്തു. കേന്ദ്രസർക്കാർ സംസ്ഥാനത്തോട് കാണിക്കുന്ന അവഗണന കണക്കിലെടുക്കാതെ കേരളത്തിന്റെ വികസനവും അഭിവൃദ്ധിയും മെച്ചപ്പെടുത്തുകയെന്ന കാഴ്ചപ്പാടാണ് ഈ സർക്കാരിനുള്ളത്.

സഭ ഉച്ചയ്ക്കുശേഷം 2.18-ന് പിരിഞ്ഞു.

*******